പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 68      8-3-2012 ൽ മറുപടിയ്ക്ക്

## ജീവിതശൈലീരോഗ ചികിത്സയ്ക്ക് നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ജീവിതശൈലീരോഗ ചികിത്സയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരോഗ്യനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ജീവിതശൈലീരോഗ ചികിത്സയ്ക്കും അതിന്മേലുള്ള ഗവേഷണത്തിനും ആരോഗ്യവകുപ്പ് പ്രാധാന്യം നൽകുന്നുണ്ട്. |
| (ബി) ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചിക്ത്സയ്ക്കും എന്തൊക്കെ സംവിധാനങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>(സി) രോഗചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനൊപ്പം രോഗം പിടിപെടുന്ന സാഹചര്യം ഒഴിവാക്കുവാനുള്ള നടപടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാനും അതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും നടപടി സ്വീകരിക്കുമോ ; | (ബി)യും (സി)യും<br>ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി ദ്വിതല പദ്ധതികളാണ് നിലവിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പദ്ധതിയും കേന്ദ്ര സർക്കാരിന്റെ പദ്ധതിയും ജീവിതശൈലീരോഗ പ്രതിരോധ ചികിത്സയ്ക്കായി നടപ്പിലാക്കിവരുന്നു.<br>2011-12 സാമ്പത്തിക വർഷത്തിൽ 2064.44 ലക്ഷം രൂപ ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള എല്ലാ സി.എച്ച്.സി. / പി.എച്ച്.സി കളിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിക്കുന്ന എൻ സി ഡി ക്ലിനിക്കുകൾ ആരംഭിക്കുവാനായി തീരുമാനിച്ചിട്ടുണ്ട് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് 30 വയസ്സിന് മേൽ പ്രായമുള്ളവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി, ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഒരു അവബോധവും രോഗ ചികിത്സയും ടി ക്ലിനിക്കുകൾ വഴി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.<br>യുവജനങ്ങളിലും വിദ്യാർത്ഥികളിലും കണ്ടുവരുന്ന പുകവലി തടയുവാനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യകരമായ ഒരു ജീവിതശൈലി ആരംഭിക്കുന്നതിനും അത് പിന്തുടരുന്നതിനുമായി പൊതുജനങ്ങളിൽ അവബോധം |

സൃഷ്ടിക്കുന്നതിനായി ജില്ലാതലത്തിൽ സെമിനാറുകളും ചർച്ചകളും വർക്ക്ഷോപ്പുകളും നടത്തിവരുന്നു. സംസ്ഥാനതല പദ്ധതിയ്ക്ക് പുറമേ പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി 2010-ൽ പ്രഖ്യാപിച്ച പൊതുജനാരോഗ്യ പരിപാടിയാണ് എൻ പി സി ഡി സി എസ് (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ, ഡയബെറ്റിസ്, കാർഡിയോ വാസ്കുലർ ഡിസീസസ് ആന്റ് സ്ട്രോക്ക് പ്രോഗ്രാം). 80% കേന്ദ്ര ഗവൺമെന്റും 20% സംസ്ഥാന വിഹിതവുമുള്ള ഈ പദ്ധതിയിൻ കീഴിൽ ക്യാൻസർ, പ്രമേഹം, ഹൃദ്രോഗം, രക്തസമ്മർദ്ദം എന്നിവ സമൂഹത്തിൽ വരാതിരിക്കുന്നതിനും രോഗികളായി കഴിഞ്ഞവർക്ക് ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനും വേണ്ടിയുള്ള പ്രവർത്തന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

കേരളത്തിൽ പത്തനംതിട്ട ജില്ലയിലാണ് പ്രസ്തുത ആരോഗ്യ പദ്ധതി ആദ്യം നടപ്പിലാക്കിയത്. തുടർന്ന് മറ്റ് ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലും ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) ജീവിതശൈലീരോഗങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ, ആൾട്ടർനേറ്റീവ് മെഡിസിൻ വിഭാഗത്തിന്, ആധുനിക ചികിത്സാ സമ്പ്രദായങ്ങളെക്കാൾ സംഭാവന നൽകാനും പങ്കുവഹിക്കാനും കഴിയുമെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ആൾട്ടർനേറ്റീവ് മെഡിസിൻ വിഭാഗങ്ങളിൽപ്പെടുന്ന പ്രകൃതിജീവനം, അക്യുപ്രഷർ, പ്രാണിക്ഹീലിംഗ്, യോഗ തുടങ്ങിയവ പ്രാക്ടീസ് ചെയ്യുന്നവരുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമഗ്രനയം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി)യും, (ഇ)യും

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം/കണ്ണൂർ/തൃപ്പൂണിത്തുറ എന്നീ കോളേജുകളെ കേന്ദ്രീകരിച്ച് ജീവിതശൈലീരോഗങ്ങൾക്കുള്ള ചികിത്സയ്ക്കും പ്രതിരോധത്തിനും ഉതകുന്ന ബഹുവിധ കർമ്മ പരിപാടികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ & മാനേജ്മെന്റ് ഓഫ് ലൈഫ്സ്റ്റൈൽ ഡിസീസസ് എന്ന പേരിൽ ജീവിതശൈലീ രോഗചികിത്സയോടൊപ്പംതന്നെ രോഗപ്രതിരോധത്തിനും, രോഗം പിടിപെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഹോമിയോപ്പതി പ്രതിരോധമരുന്നുകളും, ആയുർവേദ ജീവിതചര്യയും യോഗയും, പ്രകൃതി ജീവനവും, ആരോഗ്യബോധവൽക്കരണവും രോഗികൾക്ക് നൽകുന്നതിനുള്ള ഒരു സംയോജിതപദ്ധതി വിഭാവനം ചെയ്ത് 12 ാം പദ്ധതിയിൽ അംഗീകാരത്തിനായി ഹോമിയോപ്പതി വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ